വരുന്നു. ഏതു രോഗംകൊണ്ട് ദുരിതം അനുഭവിക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം നൽകുന്നു.

(സി) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും രോഗിക്കുതന്നെ ആശ്വാസം ലഭിക്കുന്നു എന്നകാര്യം അതാത് താലൂക്ക് തഹസീൽദാരും ജില്ലാ കളക്ടർമാരും ഉറപ്പുവരുത്തുന്നുണ്ട്.

9 (1369) കേന്ദ്ര നിക്ഷേപം ഉയർത്തുന്നതിന് നടപടി

ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കേന്ദ്ര നിക്ഷേപം ഉയർത്തിക്കിട്ടുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും പുരോഗതി എന്തെന്നും അറിയിക്കുമോ?

ഉത്തരം

രാജ്യത്തെ കേന്ദ്ര പൊതുമേഖലാ മുതൽമുടക്കിലുള്ള സംസ്ഥാനത്തിന്റെ വിഹിതത്തിൽ 1975 മാർച്ചിനുശേഷം തുടർച്ചയായ കുറവ് ഉണ്ടാവുകയും 1996 മാർച്ച് അവസാനത്തോടെ 1.3 ശതമാനമായി ചുരുങ്ങുകയും ചെയ്തു. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രവണത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തെ കേന്ദ്ര മുതൽമുടക്ക് വർദ്ധിപ്പിക്കണമെന്നും ഇതിനായി നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ വികസന/വൈവിധ്യവത്കരണ പദ്ധതികൾ നടപ്പാക്കുന്നതിനു പുറമെ പുതിയ വ്യവസായശാലകൾ ഇവിടെ ആരംഭിക്കണമെന്നും നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങൾക്കിപ്പുറം നിലവിലുള്ള ഏതാനും വ്യവസായയൂണിറ്റുകളുടെ വികസന പദ്ധതികളും കായംകുളം താപവൈദ്യുതി നിലയവുമല്ലാതെ പുതിയ വ്യവസായ സംരംഭങ്ങളൊന്നുംതന്നെ കേന്ദ്രസർക്കാർ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. 1996 ഏപ്രിൽ മുതൽ 1998 മാർച്ച് അവസാനം വരെയുള്ള രണ്ടുവർഷക്കാലയളവിൽ മൊത്തം 1326 കോടി രൂപയുടെ കേന്ദ്ര മുതൽമുടക്ക് സംസ്ഥാനത്തുണ്ടായിട്ടുണ്ട്. (ഇത് 31.3.98 വരെയുണ്ടായിരുന്ന മൊത്തം നിക്ഷേപമായ 4715.80 കോടി രൂപയുടെ 28 ശതമാനം വരും) ഇതേതുടർന്ന് സംസ്ഥാനത്തിന്റെ വിഹിതം 31.3.96-ൽ 1.3 ശതമാനമായിരുന്നത് 31.3.98-ൽ 1.5 ശതമാനമായി ഉയർന്നു.

10 (1370) എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കോർപ്പറേഷൻ രൂപീകരണം

പ്രൊഫ: എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കോർപ്പറേഷൻ രൂപവർക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly